**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 495** **13-08-2021 - ൽ മറുപടിയ്ക്ക്**

**ശുദ്ധജല പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്** | | **Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയായ എല്ലാ ശുദ്ധജല വിതരണ പദ്ധതികളുടെയും പൂർണ്ണ വിനിയോഗം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയായ എല്ലാ ശുദ്ധജല വിതരണ പദ്ധതികളുടെയും പൂർണ്ണ വിനിയോഗം ഉറപ്പാക്കാൻ കേരള വാട്ടർ അതോറിറ്റി, ജലനിധി, ഭൂജലവകുപ്പ് എന്നിവർ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന പ്ലാൻ ഫണ്ട് ഉപയോഗിച്ച് ജലനിധി വഴി ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണ നവീകരണ പ്രവൃത്തികൾക്കു വേണ്ടിയുള്ള “Sustainability Support to Community Managed Water Supply Scheme” എന്ന പേരിലുള്ള സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20, 2020-21 കാലഘട്ടത്തിൽ സംസ്ഥാന പ്ലാൻ ഫണ്ടിൽ 85 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 21027 ഗുണഭോക്തൃ കുടുംബങ്ങൾക്ക് തടസ്സമില്ലാതെ കുടിവെള്ളം ലഭിക്കുന്ന 369 സ്കീമുകളുടെ പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചു. സുസ്ഥിരതാ പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ച ബാക്കിയുള്ള 629 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. 2021-22-ൽ 339 സ്കീമുകൾക്കു വേണ്ടി 30 കോടി രൂപ കൂടി ബജറ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിലെ മുന്നിയൂർ ഗ്രാമപഞ്ചായത്തിൽ 5139 കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കാനുള്ള പദ്ധതിയുടെ പൂർത്തീകരണത്തിനായി സംസ്ഥാന പ്ലാൻ ഫണ്ടിൽ 2021 - 22 സാമ്പത്തിക വർഷം 1.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ 80% പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ പൂർണ വിനിയോഗം ഉറപ്പാക്കുവാൻ കാലഹരണപ്പെട്ട പൈപ്പുകളും, മോട്ടോർ പമ്പ് സെറ്റുകളും അനുബന്ധ ഘടകങ്ങളും മാറ്റി സ്ഥാപിച്ച് സുഗമമായ ജലവിതരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വിതരണ ശൃംഖലയിലെ ഉയർന്നതും താഴ്ന്നതുമായ പ്രദേശങ്ങളിൽ തുല്യ ജലലഭ്യത ഉറപ്പാക്കുന്നതിനായി വാൽവുകൾ ഘടിപ്പിച്ച് ക്രമീകരണം നടത്തിയും, വിതരണശൃംഖലയിലെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തിയും, പമ്പുകളുടെയും മോട്ടോറുകളുടെയും കപ്പാസിറ്റി വർധിപ്പിച്ചും, പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ചും, വാൽവ് സ്ഥാപിച്ചും, കുഴൽകിണർ പദ്ധതികൾ പുനരുദ്ധരിച്ചും, തടയണകൾ നിർമ്മിച്ച് സ്രോതസ്സിലെ ജലലഭ്യത ഉയർത്തിയും, പമ്പ് ഹൗസുകളിൽ ഓട്ടോമേഷൻ നടത്തിയും, ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികളുടെ പൂർണ ശേഷി ഉറപ്പാക്കി ജലവിതരണം സുഗമമായി നടത്താനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കൂടാതെ ഇറിഗേഷൻ, KSEB എന്നീ വകുപ്പുകളുമായി സഹകരിച്ച് സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പാക്കിയും, വൈദ്യുതി തടസ്സം ഒഴിവാക്കിയും കുടിവെള്ളം തടസ്സം കൂടാതെ വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വിതരണ ശൃംഖലയുടെ അപര്യാപ്തത കാരണം ശുദ്ധീകരണശാലകളുടെ പൂർണ്ണശേഷി ഉപയോഗപ്പെടുത്താൻ കഴിയാത്ത സ്ഥലങ്ങളിൽ വിവിധ പദ്ധതികളിൽപ്പെടുത്തി വിതരണ ശൃംഖല ദീർഘിപ്പിക്കുന്ന പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. അമൃത്, കിഫ്ബി, ആർ കെ ഐ, സ്റ്റേറ്റ് പ്ലാൻ, ജലജീവൻ മിഷൻ പദ്ധതികൾ, എം എൽ എ/ എം പി ഫണ്ട്, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ്, നബാർഡ്, ന്യൂനപക്ഷ ക്ഷേമ വകുപ്പ് എന്നിവയിൽ നിന്നും ലഭ്യമാകുന്ന വിവിധ ഫണ്ടുകൾ മുഖേന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

ജലനിധി പദ്ധതികൾ ആവശ്യാധിഷ്ഠിത സമീപനത്തെ അടിസ്ഥാനമാക്കി നിശ്ചിത എണ്ണം ഗുണഭോക്താക്കൾക്ക് വേണ്ടി വിഭാവനം ചെയ്തവയാണ്. ആയതിനാൽ പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ളം വിതരണം ചെയ്ത് പദ്ധതിയുടെ പൂർണ്ണ വിനിയോഗം പദ്ധതികളുടെ പൂർത്തീകരണ സമയത്തു തന്നെ നടപ്പാക്കുന്നുണ്ട്. പദ്ധതിയുടെ തുടർ നടത്തിപ്പും പരിപാലനവും സാമൂഹ്യ ഉടമസ്ഥതയിൽ ഗുണഭോക്തൃ സമിതികൾ തന്നെയാണ് നടത്തുന്നത്. ഓരോ മാസവും പദ്ധതി നടത്തിക്കൊണ്ട് പോകുന്നതിന് വേണ്ടി വരുന്ന ആകെ ചെലവ് കണക്കാക്കി സമിതികൾ തന്നെയാണ് വെള്ളക്കരം പിരിക്കുന്നതും പദ്ധതി നടത്തിക്കൊണ്ട് പോകുന്നതും. സമിതികൾ പ്രവർത്തിക്കുന്ന പ്രദേശത്തെ കൂടുതൽ കുടുംബങ്ങൾക്ക് കുടിവെള്ളം

നൽകുന്നതിന് സാധിക്കുന്ന സുസ്ഥിര സ്രോതസ്സുകൾ ഉള്ള സമിതികൾ സാങ്കേതിക സാധ്യത കൂടി പരിശോധിച്ച് ഇപ്പോൾത്തന്നെ അധിക കണക്ഷനുകൾ നൽകുന്നുണ്ട്. ഇതിനോടകം 2020-21 ൽ 9505 കണക്ഷനുകൾ അധികമായി നൽകിക്കഴിഞ്ഞു. ഇതിനു പുറമെ പലകാരണങ്ങളാലും പ്രവർത്തനരഹിതമായതും ഭാഗികമായി പ്രവർത്തിക്കുന്നതുമായ പദ്ധതികൾ കേടുപാടുകൾ പരിഹരിച്ച് അവയെ പൂർണമായും പ്രവർത്തന സജ്ജമാക്കുന്നതിനു വേണ്ടി കേരളസർക്കാർ ആവിഷ്കരിച്ച "Sustainability Support to Community Managed Water Supply Scheme" എന്ന പേരിലുള്ള സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി കേടുപാടുകൾ പരിഹരിച്ച് കുടിവെള്ള പദ്ധതികളുടെ പൂർണ്ണ വിനിയോഗം സാധ്യമാക്കുന്നുണ്ട്.

ഭൂജലവകുപ്പ് മുഖാന്തിരം നിർമ്മാണം പൂർത്തിയായ ജലവിതരണ പദ്ധതികളുടെ പൂർണ്ണ വിനിയോഗം ഉറപ്പാക്കുവാൻ, പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഗുണഭോക്തൃ കമ്മിറ്റി രൂപീകരിക്കുകയും നടത്തിപ്പിനായി കമ്മിറ്റിക്ക് കൈമാറുകയും ആണ് ചെയ്യുന്നത്. ഇത്തരം പദ്ധതികൾക്കുണ്ടാകുന്ന ചെറിയ അറ്റകുറ്റപ്പണികൾ ഗുണഭോക്തൃ കമ്മിറ്റിയാണ് നിർവഹിച്ച് വരുന്നത്. കൂടാതെ ഇത്തരം പദ്ധതികളുടെ ഗുണഭോക്തൃ കമ്മിറ്റിക്ക് നടപ്പാക്കുവാൻ കഴിയാത്ത അറ്റകുറ്റപണികൾ ഭൂജലവകുപ്പ് മുഖേന നിർവഹിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഒരുകോടി രൂപ വകയിരുത്തിയിട്ടുണ്ട് . ഈ തുക ഉപയോഗിച്ച് സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി 14 ചെറുകിട കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണവും 400 കൈ പമ്പുകളുടെ അറ്റകുറ്റപണികളും നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**